Pandaravaka verumpattam rate and in respect of Pandaravaka Kanom lands it is 2/3 the amount calculated at Pandaravaka verumpattom rate.

In addition to the assessment noted above Thirumulkazhcha at 6 pies per rupee in the full assessment at Pandaravaka verumpattam is also payable (vide Appendix IC to Cochin Land Revenue Manual and Article 54 of the Cochin Land Revenue Manual).

Questions Nos. *41, *42, *43 } Not put.

TOURIST COMPANY

***952.** [44] **Sri. Paul Thaliath:** Will the Hon'ble the Chief Minister be pleased to state:

(*a*) whether the Government is in consultation with one Mr. M. P. G. Menon or any other, to start a Tourist Company in the State;

(*b*) if so whether the Government propose to render any financial or other help to this company;

(*c*) if so, the natu e of the help to be rendered; and

(*d*) whether it is a fact that some of the Government buildings are to be handed over to this company?

Chief Minister **(Sri. T. K. Narayana Pillai):**

(*a*) & (*b*) No.

(*c*) & (*d*) Do not arise.

ശ്രീ. പോൾ തളിയത്തു്: ഇപ്പോൾ അതിനെപ്പറ്റി യാതൊരാലോചനയും ഗവൺമെണ്ടിനില്ലെന്നാണോ പറയുന്നതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ ഗവൺമെണ്ടിനെ അതിനെപ്പറ്റി നിശ്ചയമില്ല. ഗവൺമെണ്ടു് ഓഫ ഇൻഡ്യാ ആണു് അതിനെപ്പറ്റി ആലോചിച്ചിരുന്നതു്.

ശ്രീ. പോൾ തളിയത്തു്: ഈ ഗവൺമെണ്ടു് അതനുസരിച്ചു് ഏതെങ്കിലും ചുമതലപ്പെടുത്തുവാനുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ശ്രീ. പോൾ തളിയത്തു്: ചുമതലപ്പെടുത്തുവാനുള്ള നടപടികളെടുക്കണമെന്നുദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അവരുടെ ആവശ്യമനുസരിച്ചു ഗവൺമെണ്ടു് ഓഫ് ഇൻഡ്യാ ആണു് ആലോചിച്ചിരുന്നതു്.

ശ്രീ. പോൾ തളിയത്തു്: ഈ ഗവൺമെണ്ടു് ഇക്കാര്യത്തിൽ വല്ല വ്യവസ്ഥയും ചെയ്യണമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഇല്ല.

ഉദ്യോഗസ്ഥന്മാരുടെ സമ്പാദ്യം

*൯൫. (൪൫) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) കൊച്ചിയിലേയും തിരുവിതാംകൂറിലേയും ഉദ്യോഗസ്ഥന്മാരുടെ നിയമനത്തിനുശേഷം, അവർ അവരുടേയും അവരുടെ അവകാശികളുടേയോ, ബന്ധുക്കളുടേയോ പേരിലും സമ്പാദിച്ചിട്ടുള്ള നിലം പുരയിടങ്ങളുടേയും, ബാ

LIBRARY ARCHIVES Kerala Legislative Assembly

കിൽ നിക്ഷേപിച്ചിട്ടുള്ള സംഖ്യകളുടേയും കണക്കു തയ്യാക്കി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഇതേ ചോദ്യത്തിനു മുൻപൊരവസരത്തിൽ, കണക്കു തയ്യാറാക്കിയതിനുശേഷം അതിനെപ്പറ്റി ആലോചിക്കുന്നതാണു് എന്നു ഗവൺമെണ്ടു് ഉത്തരം പറഞ്ഞിട്ടുള്ളതായി ഓർക്കുന്നുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) പൊതുതാല്പര്യങ്ങൾക്കു് ഹാനികരമായതുകൊണ്ടു് അപ്രകാരം പ്രസിദ്ധപ്പെടുത്താറില്ല.

(സി) വസ്തുക്കളുടെ മറ്റും സംബന്ധിച്ചുള്ള വിവരപട്ടികകൾ പരിശോധിച്ചു വരികയാണെന്നും അന്വേഷണം നടത്തുകയാണെന്നും ഉത്തരം പറഞ്ഞിട്ടുണ്ടു്.

സാഹിബ്ബു് ബഹദൂർ ടി. എ. മൈദീൻകുഞ്ഞു: സർ, പൊതുതാല്പര്യങ്ങൾ എന്നു പറയുന്നതു് എന്നാണു്?

(ഉത്തരമില്ല.)

ശ്രീ കെ. ആർ. ഇലങ്കുന്നു്: കണക്കെടുത്തിരുന്നതു് ഇടക്കാലത്തുവെച്ചു നിറുത്തിവെക്കുവാൻ കാരണമെന്താണു്?

ശ്രീ. ടി. കെ. നാരായണപിള്ള: ഇതു കുറച്ചു വിഷമമുള്ള ഒരു കാര്യമാണു്.

ശ്രീ. കെ. ആർ. ഇലങ്കുന്നു്: എല്ലാ ഉദ്യോഗസ്ഥന്മാരോടും പ്രാപ്തർട്ടി സ്റ്റേറ്റുമെണ്ടു് ആവശ്യപ്പെടുന്നതിനു ഗവൺമെണ്ടിനു അധികാരമുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അധികാരമുണ്ടു്.

പ്രസ്സു് തൊഴിലാളികൾ

*൯൫൪. (൪൩) ശ്രീ എ. ഇങ്കുസ്സു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടിനൽകുമോ:—

(എ) കൊച്ചി വിദേശത്തെ ഗവൺമെണ്ടുപ്രസ്സു് തൊഴിലാളികളിൽ നിന്നു കഴിഞ്ഞ നവംബർ മാസത്തിൽ ഒരു മെമ്മോറാണ്ടം ഗവൺമെണ്ടിനു കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുനടപടിയാണു് ഗവൺമെണ്ടു് സ്വീകരിച്ചതു്?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള: (എ) ഉണ്ടു്.

(ബി) എറണാകുളം ഗവൺമെണ്ടുപ്രസ്സിന്റേയും തിരുവനന്തപുരം ഗവൺമെണ്ടുപ്രസ്സിന്റേയും പ്രവർത്തനം പരിഷ്കരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുംവേണ്ടി മദ്രാസിൽനിന്നും ഒരു വിദഗ്ദ്ധന്റെ റിപ്പോർട്ടനുസരിച്ചു വേണ്ട നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നതിനാലും രണ്ടുപ്രസ്സുകളുടേയും സർവ്വീസു സംയോജനം പൂർത്തിയായിട്ടില്ലാത്തതുകൊണ്ടും ഈ രണ്ടു കാര്യങ്ങളും ഒരു തീരുമാനത്തിലെത്തിയതിനുശേഷം എറണാകുളം പ്രസ്സു് ജീവനക്കാരുടെ നിവേദനത്തെപ്പറ്റി ചിന്തിച്ചാൽ മതിയെന്നു ഗവൺമെണ്ടു തീരുമാനിച്ചു.

ശ്രീ. എ. കെ. പാച്ചുപിള്ള: റിപ്പോർട്ടു വന്നിട്ടു് എത്രമാസമായി?

ശ്രീ. ടി. കെ. നാരായണപിള്ള: രണ്ടുമാസത്തോളമായി. ആ റിപ്പോർട്ടു് ഇപ്പോൾ സ്റ്റേഷനറിയും പ്രിന്റിംഗും കൺട്രോളരുടെ അഭിപ്രായത്തിനു അയച്ചിരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly